# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 534

19.03.2013- ലെ മറുപടിക്ക്

## സഹകരണ ബാങ്കുകളിലെ സ്വർണ്ണത്തിന് സുരക്ഷ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജി. എസ്. ജയലാൽ: | ശ്രീ. സി.എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ വിവിധ സർവ്വീസ് സഹകരണ ബാങ്കുകളിലായി എത്ര കിലോഗ്രാം സ്വർണ്ണം പണയ ഉരുപ്പടിയായി സ്വീകരിച്ചിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ; | (എ) സംസ്ഥാനത്തെ വിവിധ സർവ്വീസ് സഹകരണ ബാങ്കുകളിലായി 85,607.579 കിലോഗ്രാം സ്വർണ്ണാഭരണങ്ങൾ പണയമായി സ്വീകരിച്ചിട്ടുണ്ട് |
| ബി) വിവിധ ബാങ്കുകളിലും, സ്വകാര്യ സ്ഥാപനങ്ങളിലും സൂക്ഷിച്ചിട്ടുള്ള സ്വർണ്ണ നിർമ്മിത ഉരുപ്പടികൾ വ്യാപകമായി മോഷണം പോകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) വ്യാപകമായി മോഷണം പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) സഹകരണ ബാങ്കുകളിൽ സൂക്ഷിച്ചിട്ടുള്ള സ്വർണ്ണത്തിന് സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് എന്തൊക്കെ മാർഗ്ഗ നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്; പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുവാൻ ഏർപ്പെടുത്തിയിട്ടുള്ള ഔദ്യോഗിക സംവിധാനങ്ങൾ എന്തൊക്കെയാണ്; | (സി) സഹകരണ ബാങ്കുകളിൽ സൂക്ഷിച്ചിട്ടുള്ള സ്വർണ്ണത്തിന് സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ശക്തമായ ലോക്കർ സംവിധാനം ഏർപ്പെടുത്തുന്നതിനും, സെക്യൂരിറ്റി ജീവനക്കാരെ നിയമിക്കുന്നതിനും ഇൻഷുറൻസ് കവറേജ് ഏർപ്പെടുത്തുന്നതിനും, ബർഗ്ലർ അലാറം, സി.സി.റ്റി.വി, എമർജൻസി ലൈറ്റുകൾ, ചുറ്റുമതിൽ നിർമ്മിക്കുക ഉൾപ്പെടെയുള്ള സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പോലീസ് പട്രോളിംഗ് ഏർപ്പെടുത്തുന്നതിന് പോലീസ് ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുന്നതിനു പുറമേ മേൽ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് വകുപ്പ്തല ഉദ്യോഗസ്ഥന്മാർ ബാങ്കുകളിൽ പരിശോധന നടത്തി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| ഡി) | സ്വർണ്ണ മോഷണവുമായി ബന്ധപ്പെട്ട് സഹകരണ ബാങ്കുകളിലെ ജീവനക്കാർ പ്രതിയായിട്ടുള്ള കേസ്സുകൾ നിലവി ലുണ്ടോ; എങ്കിൽ എത്ര കേസ്സുകളെന്ന് അറിയിക്കുമോ; | (ഡി) | സ്വർണ്ണമോഷണവുമായി ബന്ധപ്പെട്ട് സഹകരണ ബാങ്കുകളിലെ ജീവനക്കാർ പ്രതിയായിട്ടുള്ള 7 കേസ്സുകൾ നിലവിലുണ്ട്. |
| ഇ) | സഹകരണ സ്ഥാപനങ്ങളിൽ സൂക്ഷിച്ചി ട്ടുള്ള സ്വർണ്ണാഭരണങ്ങളുടെ സുരക്ഷ ഉറപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഇ) | ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ